
# ഉണർവ്

GGVHSS WANDOOR



# ആമുഖം

അക്ഷരങ്ങൾ കത്തിച്ചുവച്ച ചിരാതുകളാണ്.....

ഇരുളിൽനിന്ന് വെളിച്ചത്തിലേക്കുള്ള വഴികാട്ടികൾ....

അജ്ഞതയുടെ ഇരുളാഴങ്ങളിൽനിന്ന് ആശയങ്ങളുടെ

ആകാശപ്പരപ്പിലേക്ക്

വിരിച്ചുപിടിച്ച ചിറകുകൾ.....

സർഗധനരും പ്രതിഭാശാലികളുമായ കുട്ടികളും മുതിർന്നവരും പരസ് പരം

കൈകോർത്ത് ഓരോ ഡിജിറ്റൽ പേജുകളിലും അവരുടെ നക്ഷത്ര ശോഭ

കൈമാറുന്ന കാഴ്ചയുണ്ട് ഈ മാഗസിനിൽ...

കവിതകളിൽ,കഥകളിൽ,കുറിപ്പുകളിൽ,ചിത്രങ്ങളിൽ കാലം ഉറങ്ങിയും

ഫണം വിടർത്തിയും പ്രത്യക്ഷമാകുന്നുണ്ട്.....

സ്വപ്നങ്ങളുടെ അസാമാന്യ വേഗങ്ങളിൽ യാഥാർത്ഥ്യങ്ങളിലേക്കുള്ള വഴിദൂരം

കുറയുന്നു......

വീണ്ടും വീണ്ടും സ്വപ്നം കാണാനുള്ള പ്രചോദനമാകട്ടെ

**ഈ മാഗസിൻ...**

# ആശംസകൾ

നമ്മുടെ വിദ്യാലയത്തിൽ നൂതന സാങ്കേതികവിദ്യയുടെ വർണ്ണവിസ്മയമായി ഒരു ഡിജിറ്റൽ മാഗസിൻ രൂപം കൊള്ളുന്നു എന്നത് ഏറെ അഭിമാനം  തരുന്നു.ഇതൊരു തുടക്കമാവട്ടെ.

എഴുത്തിന്റേയും വായനയുടേയും വിശാലതയിലേക്ക് വിദ്യാർത്ഥികളും അധ്യാപകരും ഒത്തൊരുമിച്ച് മുന്നേറുന്ന ഈ മഹത്തായ സംരംഭത്തിന്,അതിന്റെ പിന്നിലെ പ്രയത്നത്തിന്,സ്നേഹാശംസകൾ..



എന്ന്

**ഹെഡ്മിസ്ട്രസ്**

**ശ്രീമതി കെ.കെ.ഗൗരി**

## ആശംസകൾ

ഞാൻ ഹന്ന.എ. ഇവിടെ ഈ ഗവൺമെന്റ് ഗേൾസ് ഹൈസ്കൂളിൽ പത്താംതരം വിദ്യാർത്ഥിനി.കഴിഞ്ഞ മൂന്ന് വർഷമായി ഇവിടെ വന്നിട്ട്.ഈ മൂന്ന് വർഷത്തിനിടയിൽ എനിക്കുണ്ടായ മാറ്റങ്ങളും അനുഭവങ്ങളും ഏറെയാണ്.അതിന് ഒരേയൊരു കാരണം അതെന്റെ വിദ്യാലയം തന്നെയാണ്.

സ്കൂൾ ലീഡർ എന്ന നിലക്ക് എനിക്ക് ഈ വിദ്യാലയത്തോടുള്ള ഉത്തരവാദിത്വവും പറഞ്ഞറിയിക്കാൻ കഴിയാത്ത ആത്മ ബന്ധവും ഏറെയാണ്.ഓരോ ഉത്തരവാദിത്വവും ഏറ്റെടുത്ത് ചെയ്യുമ്പോൾ എനിക്ക് എന്റെ അധ്യാപകരിൽ നിന്ന് കിട്ടുന്ന പിന്തുണയാണ് എന്റെ വിജയം.ഇന്ന് ഈ മൂന്ന് വർഷം പിന്നിട്ട് ഞാൻ തിരിഞ്ഞ് നോക്കുമ്പോൾ എന്നിലുണ്ടായ മാറ്റം എന്നെത്തന്നെ ഏറെ അത്ഭുതപ്പെടുത്തുകയാണ്.അതിന് നിമിത്തമായ ഈവിദ്യാലയത്തിനും,എന്റെ അധ്യാപകർക്കും,അതുപോലെ എന്റെ സഹപാഠികൾക്കും നന്ദി..

എന്റെ സ്കൂളിന്റെ ആത്മാവുറങ്ങുന്ന ഈ മാഗസിന് എന്റെ എല്ലാവിധ ആശംസകളും.....

**ഹന്ന.എ**

**സ്കൂൾ ലീഡർ**

# ഉള്ളടക്കം

1. സ്നേഹത്തിന്റെ കണ്ണുനീർ
2. ബാല്യകാലം
3. അതേ വാക്കുകൾ
4. മഴവില്ല്
5. THE HARE AND THE TORTOISE
6. AMBITION
7. PHOTOGRAPHY
8. FOLLOW YOUR DREAM
9. FRIENDSHIP
10. വിധിയുടെ വിളയാട്ടം
11. SMILE
12. ഭൂമിയെ നിന്നെ ഞാൻ
13. RELATIONSHIP
14. THE SNOWMAN
15. കാടിന്റെ മകൾ
16. ഇതാണോ ജീവിതം
17. മരണം
18. ആദ്യാനുരാഗം
19. പ്രണയവും യുവ തലമുറയും
20. തത്തമ്മ
21. WONDERFUL WINTER

22.ഏകൻ

23.കിച്ചുവും പാച്ചുവും

24.അമ്മ

25.കള്ളം

26.പറവകൾ

27.എന്റെ മഴയോർമ്മകൾ

28.വെള്ളം വെള്ളം സർവ്വത്ര

29.ആഗോളതാപനത്തെ തടഞ്ഞുനിർത്താം

30.തീയുടെ വേദന

# EDITORIAL BOARD


- Devika.A
- Devika.k
- Hisana Thasni
- Fidha.V.M
- Ayisha Hanna
- Fathima Midha
- Sreya.L
- Nandana.p
- Uthara.C

# സ്നേഹത്തിൻ കണ്ണുനീർ

പൂമുഖം വാടി ഇരുണ്ടു നിൽക്കുന്നൊരീ
മാനത്തിനെന്തേ കരഞ്ഞുകൂടെ
ദാഹനീരിനായി നാവുനീട്ടുന്നൊരീ
ജീവികൾക്കായി കനിഞ്ഞുകൂടെ

ഇലകൾ പൊഴിഞ്ഞൊരീ മാമരങ്ങൾ
വേനൽ മഴക്കായി കാത്തു നിന്നു
മറ്റുള്ള ജീവിതൻ ജീവാമൃതമായി
വേഗമായ് പൊട്ടിക്കരഞ്ഞുകൂടെ

ഒഴുകാതെ ഒഴുകാതെ നിശ്ചലമായൊരീ
പുഴകൾക്ക് താങ്ങാവാനാവുകില്ലേ
സ്നേഹത്തിൻ കണ്ണുനീർ നനയുവാനാശിച്ച
ജീവന്ന് തുണയാവാനാവുകില്ലേ

നിൻ സ്പർശമേൽക്കുവാൻ ആശിച്ചവരുടെ
ആശ തീർക്കാൻ നിനക്കാവുകില്ലേ
എത്രയോ ജീവിതൻ സ്പന്ദനവും-പിന്നെ
സ്നേഹത്തിൻ നീരാണ് നിൻ കണ്ണുനീർ

-അൻഷിദ.വി
9H

# ബാല്യകാലം

ഒത്തിരി സ്നേഹം പകർന്നു തന്ന വിദ്യാലയം
ആദ്യാക്ഷരം നകർന്നു തന്ന ഗുരുക്കൻമാർ
സൗഹൃദതാളുകളിൽ,വിരിയുന്ന കൂട്ടുകാർ
മാമ്പഴം പോലെ മധുരമുള്ള വരികൾ ചൊല്ലി
-തരുന്ന അധ്യാപകർ
ദീപപ്രഭ പോലെ അണയാത്ത സൗഹൃദം
കാറ്റാടി പോലെ കറങ്ങുന്നെൻ ജീവിതം
കഴിഞ്ഞു പോയ ബാല്യകാലത്തെ ഓർത്തു
-തേങ്ങുന്നു ഞാൻ
ഒരിക്കലും മറക്കാനാവാത്ത ഓർമ്മകൾ
പങ്കുവെച്ച ബാല്യകാലം.

-ആദിത്യ.കെ
9F

# CLOUDY DAY

I see clouds,
They look so puffy.
Big and little,
Light and puffy.
Clouds block the sun,
They bring the shade
took really closely,
See what pictures are made?

I really don't mind a cloudy day,
But look out!
Rain cloud be on the way!

NAJIYA.N
IX-G

# അതേ വാക്കുകൾ

അർഹിക്കുന്നത്  ഞാൻ,അർഹതയുള്ളതും
എനിക്ക്
മാറിനിൽക്കും ഈ ചിത്തം മൗനത്തോട്
വിട

അഛന്റെ വാക്കുകൾ തീക്കനൽ പോലെ
ആളിക്കത്തുന്ന  മനസ്സിൽ
ഒരു പുഷ്പം പുഞ്ചിരിക്കുന്ന  മൗനം

വഞ്ചനയില്ലാത്ത ഈ മൗനത്തോട്
തേടി പിടിക്കുന്ന ഇരയെ പോലെ
ഞാൻ തേടുന്നു.

ഞാൻ എന്നെയോ ആരെയോ
തേടി അലയുന്നതു പോലെ
മൗനത്തെ പേടിക്കുന്നമരണം

ദേവിക.എൻ.കെ
9H

## മഴവില്ല്

മഴചോർന്നൊഴുകിയ വിജനമാം മാനത്ത്
മിഴിയോടെ നോക്കുന്ന കൊച്ചുകുഞ്ഞേ.
മഴയിൽ കുതിർന്നൊരാ സൂര്യകിരണങ്ങളി-
ന്നേഴുവർണങ്ങളായതുനീ കാണ്മതില്ലേ?

നനവാർന്ന ഭൂമിയും ഇരുളാർന്ന ജീവനും
കുളിരണിയിക്കുമീ കാഴ്ചയിൽ നീ,
ഒരു ചെറുപൈങ്കിളിക്കുഞ്ഞായ് പറന്നു, വാനിൽ
തെളിവാർന്ന കാഴ്ചനീ കണ്ടുകൊൾക!

വർണക്കടലാസിൽ പതിയാത്തൊരായേഴു-
വർണത്തിളപ്പിന്റെ ശോഭയിൽ നീ.
ഭൂലോകം ചുറ്റിപ്പറന്നുകൊണ്ടാ മധു
പാരിലെ ജീവനിൽ വിതറീടുക

ജീവനിലന്യോന്യം വിദ്വേഷം നിറയ്ക്കുന്ന
ഓരോന്നിനുമായി ചൊല്ലിടാം ഞാൻ
വാർമഴവില്ലിൻ  ഏഴുനിറങ്ങൾ പോൽ
മർത്യമനസിൽ ശോഭയായി കേൾപ്പതെന്ത്?

ദേവിക.എ

9-f

*FRIENDSHIP*



*Friendship rises in heart*
*And sets only in deat*
*Friendship is a truth that*
*Cannot be destroyed*
*By anyone*
*Friendship is and everlasting*
*truth*
*Just like heaven*
*And spread fragrance every time*
*Friend is a gift of time*
*And it is much valuable to life*
*For it can lead you to success*
*And always remains memories*
*Until your last breathe*
*So keep the lamp of Friendship.*

*NISHMA*
9E

# *THE HARE AND THE TORTOISE*

*ONE day a tortoise was moving slowly, a hare happened to see him. He made fun of his slow speed. He said to the tortoise,''How slowly do you creep? I can run faster than you while i go miles, you can move only a few yards.''*

*Hearing the words of the hare, the tortoise become angry. He challenged him for a race. Though the hare laughed at his proposal, he soon accepted it. He was proud due to his fast speed. He was sure of his victory. He did not care for the tortoise because he had slow speed.*

*The race started the tortoise began to creep slowly by steadily. On the other hand, the hare covered more distance than that of the tortoise in a short time. He did so only after a few jumps. The hare was much a head of the tortoise.*

*The hare began to take rest for a short while and fell in to sound sleep. In the mean time, the tortoise continued to move on has slow and steady steps. He reached the last point and own the race. The hare could not do anything because it was too late for him when he got up from his pride that he had lost the race.*

*BY FIDHA.V.M*
*9G*

# A M B I T I O N

- KEEP AWAY FROM THOSE WHO TRY TO BE LITTLE YOUR AMBITIONS.
- INTELLIGENCE WITHOUT AMBITION IS A BIRD WITHOUT WINGS.
- GREAT AMBITION IS THE PASSION OF A GREAT CHARACTER.
- THE MAN WHO STARTS OUT SIMPLY WITH THE IDEA OF GETTING SUCH WON'T SUCCEED ,YOU MUST HAVE A LARGER AMBITION .
- THE EVERY SUBSTANCE OF THE AMBITION US IS MERELY THE SHADOW OF A DREAM.

Fathima fidha IX H

# P H O T O G R A P H Y



- IN PHOTOGRAPHY THERE IS NO REALITY SO SUBTLE THAT IT BECOMES MORE REAL THAN REALITY.
- PHOTOGRAPHY HELPS PEOPLE TO SEE.
- TAKING A IMAGE,FREEZING A MOMENT, REVEALS HOW RICH REALITY TRULY IS …
- PHOTOGRAPHY IS A WAY OF FEELING, OF TOUCHING, OF LOVING.
- THERE IS ONE THING THE PHOTOGRAPH MUST CONTAIN, THE HUMANITY OF THE MOMENT

FIDHA IX G

# FOLLOW YOUR DREAM

Follow your dream.
Take one step at a time and
don't settle for less,
just continue to climb.
Follow your dream.
If you stumble,don't stop and loss
sight of your goal
press to the top.
For only on top can we see the whole view,
can we see what we've done and
what we can do;
Can we then have the vision to seek
something new, press on.
Follow your dream.

BY_
HANNA PARVIN.P
9G

# FRIENDSHIP

Someone who is a true friend stand up for you. When others try to hurt you emotionally or physically, they do everything they can to make sure you stay safe. They don't care who is trying to harm you.  They will defend you anytime, anywhere.

If they can help you, they'll do it without reservation or reward. A true friend is not one who repeatedly is telling you negative things other people say about you. First, they make it clear by their words and by their actions where they stand when it comes to you. Secondly, they don't just nearly stand by silently when others are tearing you down no matter what consequences they may face socially.

A true friend is a friend when is convenient and when it is not. They stand by you consistently both when you are present and when you are not.

Friends are half the mind of a person friends provide unforgettable memories in life. Everyone wants friends.

Sahana Sufiyan
IX-G

# വിധിയുടെ വിളയാട്ടം

അന്ന് നിലാവുള്ള രാത്രി, അവൾ ജനലിന്റെ അരികിൽ ഇരുന്ന് അഗാതമായ ആലോചനയിലാണ്ടു.തന്റേതും തന്റെ കൊച്ചനുജത്തിയുടെയും മാത്രമായ ഭാവിജീവിതത്തെ കുറിച്ച് ഓരോ നിമിഷവും തന്റെ മുമ്പിൽ വിധിയുടെ ക്രൂരമുഖങ്ങൾ പലതവണയായി മനസ്സിൽ മിന്നി മറയുന്നു.മനസ്സിനെ തഴുകിയെത്തിയ ഇളം കാറ്റ് ജനൽ പാളികളിലൂടെ അവളുടെ പനിനീർ പോലെ വിടർന്നു നിൽക്കുന്ന മുഖത്തെയും ആർദ്രമായി തഴുകി.അവൾകിടപ്പറയിലേക്ക് നോക്കി.തന്റെ കൊച്ചനുജത്തിയും അമ്മയും  എന്തോ സ്വപ്നം കണ്ട് അന്തിയുറങ്ങുകയാണ്.അച്ഛന്റെ മരണശേഷം അമ്മയിങ്ങനെയാണ്.ഗ്രാമത്തിലെ ആളുകൾ അമ്മയെ മാനസിക രോഗി എന്ന് പലതവണ വിളിച്ചു.പക്ഷെ നൊന്തു പ്രസവിച്ച അമ്മയെ എനിക്ക് ഒരിക്കലും അങ്ങനെ വിളിക്കാനാവില്ല.താഴ്വരയിലെ ആ ഗ്രാമത്തിലെ ഒരു മൂലയിൽ പകുതി ഇടിഞ്ഞ് പൊളിഞ്ഞ വീട്ടിൽ അവളുടെ ചിന്തകൾ അലഞ്ഞു തിരിഞ്ഞു.ജീവിതം തനിക്ക് മുമ്പിൽ നാട്ടി വച്ചിരിക്കുന്നു.തന്റെയും തന്റെ കൊച്ചനുജത്തിയുടെയും ജീവിതത്തിൽ വിധി കാണിച്ച ക്രൂരതയുടെ വിളയാട്ടമാണ് അമ്മ.

ഇന്നേക്ക് അച്ഛൻ മരിച്ചിട്ട് ഒരു വർഷമായി.അതിന് ശേഷം തന്റെ ജീവിതം ദുരിതങ്ങൾ നിറഞ്ഞതായി.പള്ളിക്കൂടത്തിലെ കൂട്ടുകാരെ ഒരു നോക്കു കാണാൻ കൊതിയാവുന്നു.ഉച്ചയ്ക്ക് ഊണു കഴിക്കാൻ വിടുന്ന ആ മണിയുടെ ശബ്ദം ഇപ്പോഴും കേൾക്കാം.മാത്രമല്ല എന്റെ അടുത്ത കൂട്ടുകാരിയാണ് അമ്മു.അവളുടെ തമാശകൾ കേട്ട് സമയം കടന്ന്

പോകുന്നത് ഞാനറിയുകയില്ല.പക്ഷെ....... ഇതെല്ലാം പോട്ടെ.തന്റെ കൊച്ചനുജത്തിയെ പള്ളിക്കൂടത്തിൽ കൊണ്ടുവിടണം.ഞാനാസ്വദിച്ച പള്ളിക്കൂടത്തിലെ തമാശകൾ,കൂട്ടുകാർ അവൾ ക്കുമറിയണം.പക്ഷെ....എങ്ങനെ...അതെങ്ങനെ സാധിക്കും.അവളുടെ ആലോചനകൾ നീണ്ടു.

അച്ഛൻ മരിച്ചതിന്ന് ശേഷം അമ്മയെയും കൊച്ചനുജത്തിയെയും നോക്കാൻ ഞാൻ മാത്രമാണ്.അമ്മ എപ്പോഴും എല്ലാവരെയും വഴക്ക് പറയും.അച്ഛനെ ഞാനാണ് കൊന്നതെന്ന് പോലും പറയും.പക്ഷെ......അച്ഛനെനിക്കെന്നും പ്രിയപ്പെട്ടതായാരുന്നു.അച്ഛൻ രാത്രി വരുമ്പോൾ കൊണ്ടുവരാറുള്ള ആ നാരങ്ങ മിഠായിയുടെ രുചി ഇപ്പോഴും നാവിൽ തങ്ങി നിൽക്കുന്നു.അച്ഛനിപ്പോഴും ഉണ്ടായിരുന്നുവെങ്കിൽ...അവളുടെ കണ്ണുകളിൽ നിന്ന് കണ്ണുനീർ തുള്ളികൾ കൈകളിലേക്കൊറ്റി വീണു.ആ സന്തോഷം നിറഞ്ഞ അച്ഛന്റെ മുഖം അവളിൽ പതിഞ്ഞു.ഒരിക്കൽ തനിക്കും വിധി കരുണയുടെ സഹാനുഭൂതിയുടെ കൈകൾ കാണിക്കും തീർച്ച.അവളുടെ കണ്ണുകൾ ഏതോ സ്വപ്നത്തിന്റെ യാമങ്ങളിലേക്കെന്ന പോലെ പതിയെ അടഞ്ഞു.

ശുഭം

-മുഫീദ.സി

9H

# S M I L E

SMILE A BEAUTIFUL SMILE
OCCUR IN A BEAUTIFUL HEART
SOMEBODIES ACTS A FAKE SMILE
CAUSE
OCCURS IN A CRUEL HEART

NASVA IX

# ഭൂമിയെ നിന്നെ ഞാൻ....

ഭൂമിയെ നിന്നെ ഞാൻ ഒരുപാടു
വേദനിപ്പിച്ചു,
നിന്റെ സൗന്ദര്യങ്ങളത്രയും ഞാൻ
നശിപ്പിച്ചു കളഞ്ഞു
മലകളും പുഴകളും കാടുകളും
നിന്റെ നീർച്ചോലകളും....
രക്തം ചീന്തിയ ഓർമ്മകൾ
മാത്രമാക്കി





നിന്റെ മേൽ ഞാൻ കെട്ടിടങ്ങൾ
പണിതുയർത്തി
വരമ്പുകളും പാടങ്ങളും
പാടേ മാറ്റികളഞ്ഞു
എനിക്കായ് നീ മാറ്റി വെച്ച ദാഹ-
ജലം പോലും ഞാൻ മലിനമാക്കി

എന്നിട്ടും....എന്നിട്ടും....
കൈ വിടാതെ നീ
ഒരുപാടു സഹിച്ചു
മാപ്പ്...............
മനുഷ്യർ തൻ പ്രവർത്ത-
നങ്ങൾക്കെല്ലാം

**മാപ്പ്..............**

-നിൽഫ.കെ ടി *9H*

## *RELATIONSHIP*

Relationship is a gift from god.It means a lot of relationship,friendship,family relationship,and so on..We try to find the best of them all..Some times some relationships go away from us.We need the ability to make it back in our possession.Don’t try to seperate yourself from them.When it comes to relationships,there is play,laugher,hate...But we must go ahead and take revenge and pretend we didn’t see it.

Relationships are broken because of the painfull words of someone.Therefore, we must use our words with care.Our words can sometimes make us happy,but sometimes it can hurt others.So,be careful.

If some relationship is broken,then no matter how expensive it is if cannot be achieved.There are many types or relationship… and we choose only the best.Never join those who cut ties...becuase,our relationships can be damaged by them.If there are people who are saprated from us ,try to reconoil them..becuase,relationship is a wonderful one in the world.

By,
Ayisha Sana.T.P 9.G

# The snow man

One must have a mind of winter
To regard the frost and the boughts
Of the pine-trees crusted with snow;
And have been cold a long time
To behold the junipers shagged with ice,
The spruces rough in the distance glitter
Of the january sun; and not to think
Of any misery in the sound of the wind,
In the sound of few leaves
which is the sound of land
Full of the same wind
That is blowing in the same bare place
For the listener, who listens in the snow,
And nothing himself beholds
Nothing that is not there and the nothing that is

*Safa 9G*

# കാടിന്റെ മകൾ

അവളുടെ ശബ്ദം കാട് മുഴുവൻ
ഒഴുകി നടന്നു....
അവളുടെ ഭംഗി ഏവരാലും
നുകർന്നു....
അവളുടെ മന്ദസ്മിതം ഏവരെയും
ആകർഷിച്ചു....
കാടിന്റെ ഹൃദയമാണവൾ
കാടിന്റെ മകളുമാണവൾ
അവളാണ് കാടിന്റെ കാട്ടരുവി....

പാറക്കെട്ടുകളിൽ തട്ടി അവൾ ചിരിച്ചു
പാദസരം കിലുക്കി അവൾ ഒഴുകി
അഴിച്ചിട്ട മുടിയിഴകൾ
പരന്നു കിടന്നു കാടാകെ..
അവളൊഴുകി വീണ്ടും വീണ്ടും..

അവളുടെ കയ്യുകളിൽ മീനുകൾ ചാടി രസിച്ചു
കാലുകളിൽ ഇക്കിളി കൂട്ടി
അവളൊഴുകി വീണ്ടും വീണ്ടും

പെട്ടന്നവൾ പരിഭ്രാന്തയായി
മുടിയിഴകൾ പാറിപ്പറന്നു
പാദസരങ്ങൾ പൊട്ടിച്ചിതറി

പുഞ്ചിരി വിടർന്ന കണ്ണുകളിൽ

ഭയം കത്തി ജ്വലിച്ചു

കാട്ടു മുഴുവനവളലഞ്ഞു

ഒരു ഭ്രാന്തിയെപ്പോലെ ...

അവിടെയുമെത്തി;മനുഷ്യസ്പർശം
എങ്കിലും അവൾ പാടി
കാടിന്റെ തേങ്ങലെന്ന പോലെ
എങ്കിലുമവൾ ഒഴുകി

വീണ്ടും വീണ്ടും...

-ഷഹന.ടി

*9H*

# ഇതാണോ ജീവിതം

എന്തൊരു കഷ്ടപ്പാടാ ഇത് ? ഈ മനുഷ്യർക്ക് നമ്മളെക്കുറിച്ച് ഒരു ചിന്തയുമില്ല. ആമാശയം തൻെറ പരിഭവം അന്നനാളത്തെ അറിയിച്ചു. അന്നനാളവും അതിനു തക്കതായ മറുപടി പറഞ്ഞു ,ഏതു സമയവും മനുഷ്യർ തീറ്റയോട് തീറ്റയാണല്ലോ! നമുക്ക് വിശ്രമിക്കാൻ ഒരവസരം പോലും തരുന്നില്ല.എപ്പോഴും നമുക്ക് പണിയോട് പണി.മനുഷ്യർ ജോലി ചെയ്ത് വന്നാലും അവർക്ക് വിശ്രമം ഉണ്ടാവും."അവരതിന് വിശ്രമിക്കാൻ മാത്രം വല്ല ജോലിയും ചെയ്യുന്നുണ്ടോ"-ആമാശയത്തിൻേറതാണ് ചോദ്യം.ഇപ്പോൾ എല്ലാ ജോലിയും കമ്പ്യൂട്ടറിലും ഫോണിലും അല്ലെ? ശരീരമനങ്ങി ഇവര് എന്തെങ്കിലും പണി ചെയ്തിട്ടുവേണ്ടേ?. ഒരു തുള്ളി വിയർപ്പ് പോലും അവരുടെ ശരീരത്തിൽ നിന്ന് വരില്ല . എന്നിട്ടും അവർക്ക് വിശ്രമം.അപ്പോഴും നമ്മുടെ അവസ്ഥക്ക് വല്ല മാറ്റവും ഉണ്ടോ? പണി തന്നെ പണി.മൂക്ക മുട്ടെ ഭക്ഷണം അകത്താക്കി ഇങ്ങനെ ഇരുന്നാൽ മതി. അതോ കഴിക്കുന്നതോ ,ഒരു ഗുണവും ഇല്ലാത്ത ബർഗറും,സാൻവിച്ചും പിസയുമൊക്കെ.ഏതായാനലും ജങ്ക്ഫുഡുമൊക്കെ നിരോധിച്ചത് നന്നായി. അങ്ങനെ കുട്ടികൾ ക്കെൻകിലും പോഷക ഗുണമുള്ള ആഹാരം നൽകിയാൽ നന്നായിരിക്കും. അന്നനാളം ഇടക്കിടെ മറുപടി കൊടുത്തുകൊണ്ടി-രിക്കുന്നു. വ്യയാമമെങ്കിലും ചെയ്താൽ മതി.പക്ഷേ ,പറഞ്ഞിട്ടെന്തു കാര്യം ? അവർ കുഴിമടിയന്മാരല്ലേ? പകലും നമുക്കു പണി.രാത്രിയും മനുഷ്യർ കൂർക്കം വലിച്ച് ഉറങ്ങുമ്പോഴും നമുക്കു പണി. ഇനി വല്ല പണിമുടക്കും നടത്തേണ്ടിവരും.ഇവരൊക്കെ നമ്മുടെ വില മനസ്സിലാക്കൂ. അതാ വരുന്നു,"മലവെള്ളം ഒഴുകി വരുന്ന പോലെ..."
എനിക്കു ഇനി അഞ്ചെട്ടു മണിക്കൂറിന് പണിയായി...ആമാശം കർമനിരതനായി.

* * *

ഉത്തര.c
9F

# മരണം

മരണത്തിൻറെ  അന്ധകാരത്തിലിറങ്ങിയവന-
റിയില്ലല്ലോ; ചുറ്റുള്ളവർ തേങ്ങുകയാണെന്ന്
അവനുവേണ്ടി കണ്ണീരൊഴുക്കുകയാണെന്ന്
ജീവിതകാലത്തവൻ പൊഴിച്ച മന്ദഹാസങ്ങളെ-
ഓർക്കുകയാണെന്ന്

കണ്ണുകളടച്ച് കിടക്കുന്ന അവനറിയില്ല-
ല്ലോ അവന്റെ ബന്ധുക്കളാണവ മുഴുവ-
നെന്ന്
അവരെല്ലാം അവനുവേണ്ടി കരയുക
യാണെന്ന്

ഓർമ്മയുടെ താളുകളിലവർ അവന്റെ
ജീവിതം മറിക്കുകയാണെന്ന്
ആ മൂകത മുഴുവനവനു വേണ്ടി
അലയുകയാണെന്ന്

ഇതൊന്നുമറിയാതെ കിടക്കുകയാണ-
വൻ
ഒരു മൂകനെപ്പോലെ  ബന്ധുക്കൾക്ക-
രികിൽ

-ഷഹന.ടി

9H

# ആദ്യാനുരാഗം

ആദ്യാനുരാഗം പുതുമഴയായ്

വെൺമഴയായ് പെയ്തൊഴിഞ്ഞു....(2)

അന്നു ഞാൻ കണ്ടു....(2)മരീചികപോലെ

അവളുടെ മുഖാംബോരുഹമ തിളങ്ങി.....

ലാലാലലലാല... ലലലാലലലാല....

ലലലാ...ലാലാലലലാല....

മലകളും പുഴകളും വെൺമേഘമായി

വാർമഴവില്ലായിമാറി.... അവൾ

മാർഗഴിപൂവാക്കിമാറ്റി....

(ആദ്യാനുരാഗം) (2)

വെൺചന്ദനത്തിന്റെ തിരുമണമുള്ളൊരു

ചെമ്പനീർ പൂവാക്കിമാറ്റി....അവൾ

താമരമൊട്ടാക്കി മാറ്റി....

(ആദ്യാനുരാഗം-പെയ്തൊഴിഞ്ഞു)

( 3)

ശ്രേയ

# 9F

# പ്രണയവും യുവതലമുറയും

'വിദ്യാർത്ഥിനിക്ക നേരെ ആസിഡൊഴിച്ച് യുവാവ് ആത്മഹത്യ ചെയ്തു'.കുറച്ച് മാസങ്ങളായി പത്രത്താളുകൾ മറിക്കുമ്പോൾ നാം സാധാരണയായി കാണുന്ന ഒരു വാർത്തയായി മാറിയിരിക്കുകയാണ്.ഇത്തരത്തിലുള്ള തലക്കെട്ടുകൾ പ്രണയപരാജയം നേരിട്ടലോ പ്രണയം നിരസിച്ചാലോ ഉള്ള പക പെട്രോളും ആസിഡും ആയി രൂപാന്തരം പ്രാപിക്കുകയാണ്. എങ്ങോട്ടാണ് യുവതലമുറയുടെ ഈ പോക്ക്. ഇത്തരത്തിലുള്ള അക്രമണങ്ങൾ ഇരയാവുന്നതോ ഭൂരിഭാഗവും പതിനെട്ടുപോലും തികയാത്ത കൗമാരത്തിലുള്ള സ്കൂൾ വിദ്യാർതികൾ അവിടെ കത്തിയെരിയുന്നത് മുഖവും ശരീരവും മാത്രമല്ല ഒരു കുടുംബത്തിന്റെ പ്രതീക്ഷകളുംകൂടിയാണ്.

അക്രമിക്കുന്ന കാമുകന് തനിക്ക് കിട്ടാത്തത് ആർക്കും വേണ്ട എന്ന സ്വാർത്ഥമനോഭാവം ആയിരിക്കാം കാരണം.ഇവർ ആത്മാർത്ഥ സനേഹം കാണിച്ചപ്പോഴും വഞ്ചിതരാവേണ്ടി വന്നതിന്റെ വേദനയുമാവാം ഇത്തരത്തിലുള്ള അക്രമണങ്ങൾക്ക് വഴി തെളിയിക്കുന്നത്.

നമ്മളെ വേണ്ടാത്തവരെ നമുക്കും വേണ്ട എന്നുള്ള സദ്മനോഭാവം ഒക്കെ ഇപ്പൊ പഴങ്കഥയായി.കാരണം കൂടാതെ "തേച്ചൊട്ടിച്ചു" പോവുന്ന പെൺകുട്ടികളും ഒരു പരിധിവരെ ഇതിൽ കുറ്റക്കാരാണ്.പരാജയം എന്താണെന്നും ആഗ്രഹിക്കുന്നത് ലഭികാതായാൽ അതിനോട് പൊരുത്തപ്പെടാനും യുവ തലമുറക്ക് പഠിക്കേണ്ടത് അത്യാവശ്യമാണ്.

ഇത്തരത്തിലുള്ള ബോധവൽകരണ ക്ലാസുകൾ മറ്റും ആൺപെൺ ഭേദമില്ലാതെ നമ്മുടെ വിദ്യാലയങ്ങളിൽ
സംഘടിപ്പിക്കണം.

ഹിസാന തസ്നി

9G

# തത്തമ്മ

വൈകുന്നേരമായി.തീറ്റയൊന്നും കിട്ടിയില്ല.വളരെ ദുഖഃത്തോടെ ഇരിക്കുകയാണ് തത്തമ്മ.അന്നേരം ഒരു മാനിനെ അവൾ കണ്ടു.അവൾ വല്ല തീറ്റയും തരാമോ എന്ന് മാനിനോട് ചോദിച്ചു.അപ്പോൾ മാൻ പറഞ്ഞു;നിനക്ക് ഞാനെന്തിന് തീറ്റ തരണം?നിനക്ക് പറന്ന് തീറ്റ അന്വേഷിക്കാലോ....എന്ന് പറഞ്ഞ് മാൻ ഓടിപ്പോയി.പക്ഷെ തത്തമ്മക്ക് പറക്കാൻ കഴിയില്ലായിരുന്നു.അപ്പോഴുണ്ട് ഒരു പാമ്പ് എങ്ങോട്ടോ ഇഴഞ്ഞ് പോകുന്നു.പാമ്പിനെ കണ്ടപ്പോൾ തത്തക്ക് പേടിയായി.പക്ഷെ അവൾ ധൈര്യം സംഭരിച്ച് പാമ്പിനോട് ചോദിച്ചു;നിന്റെ അടുത്ത് തീറ്റ വല്ലതും ഉണ്ടോ അവൾ പേടിയോട് കൂടി പറഞ്ഞു.പാമ്പ് പറഞ്ഞു;-എന്റെ അടുത്ത് തീറ്റയില്ല.മുത്തശ്ശി മരത്തിന്റെ അടുത്ത് കുറേ വേണ്ടാത്ത ഭക്ഷണം ചിതറി കിടക്കുന്നുണ്ട്.അവൾ പാമ്പിനോട് നന്ദി പറഞ്ഞ് കൊണ്ട് മടങ്ങി.എന്നിട്ട് ആ മുത്തശ്ശി മരത്തിന്റെ അടുത്ത് പോയി ആ ചിതറികിടക്കുന്ന ഭക്ഷണം കൊതിയോടെ തിന്നു.അവൾ ആലോചിച്ചു.രൂപത്തെ അടിസ്ഥാനമാക്കി ആരെയും വേർതിരിക്കരുത്.അത് നമുക്ക് ആപത്ത് നൽകും.എന്നിട്ട് അവൾ പ്രതിജ്ഞ ചെയ്തു.

-വഫ ഫൈസൽ.വി.പി
**9H**

GGVHSS WANDOOR

## *WONDERFUL WINTER*

Snow or cold weather
Yes,winter is near,
keep warm by the fire,
you should have no fear,

Ice skating,snowballs
hot cocoa and sleds
winter is wonderful
oh no! My nose is red!

BY
Nadha Rahman
9.G

# ഏകൻ

മൂകമായ്,
ഈ കുടിലിൻ
അകത്തളത്തിൽ
ഞാൻ ,
ഏകനായ്
വിരഹിക്കുന്നു...
ദുഃഖത്തിൽ ചാലിച്ചെൻ
ആത്മനൊമ്പരങ്ങൾ
പിടഞ്ഞുപോയ്...
കാറ്റിനോളങ്ങൾ
നിശ്ചലമായ്...
കടലിൻ തിരകൾ
അറിയാതെയായ്
കിളികൾതൻരാഗം
നിലച്ചുപോയ്...
എല്ലാം അകന്നുപോയ്...
കൂടെ എൻ,
പ്രിയസഖിയും

ഹിബ ഷെറിൻ സി IX A

# കിച്ചുവും പാച്ചുവും

ഒരു വീട്ടിൽ രണ്ട് പൂച്ചകൾ ഉണ്ടായിരുന്നു.കിച്ചുവും പാച്ചുവ ും അവർ ഉറ്റ ചങ്ങാതിമാരായിരുന്നു.കളിക്കുന്നതും ,ഉറങ്ങുന്നതും തീറ്റ തേടി പോകുന്നതും എല്ലാം ഒപ്പമായിരുന്നു.ഒരു ദിവസം പാച്ചു കിച്ചുവിനോട് പറഞ്ഞു, നമുക്ക് അപ്പുവിന്റെ വീട്ടിൽ പോയാലോ?അവിടെ നിറയെ എലികൾ ഉണ്ട്.അത് കേട്ട് കിച്ചു ഒന്ന ഞെട്ടി.ഞാനില്ല പാച്ചൂ,നീയും പോവണ്ട അവിടെ എലികളെ പിടിക്കാൻ കെണി വച്ചിട്ടുണ്ട്.അതിൽ ചെന്നു പെട്ടാൽ പെട്ടതു തന്നെ.പാച്ചു പറഞ്ഞു,' നീ വരുന്നില്ലെങ്കിൽ വരണ്ട ഞാൻ പോവും' എന്ന് പറഞ്ഞ് പാച്ചു നടന്നു.കിച്ചു കുറേ പിന്തിരിപ്പിക്കാൻ നോക്കി.പക്ഷേ പാച്ചു 'നീ പേടിക്കണ്ട ഞാൻ ഇപ്പൊ വരാം ' എന്ന് പറഞ്ഞ് പോയി.കിച്ചു കൂട്ടുകാരനെയും കാത്ത് ഉറങ്ങാതെ ഇരുന്നു.കുറേ നേരം കഴിഞ്ഞിട്ടും പാച്ചുവെിന കാണാതായപ്പോൾ കിച്ചു അവനെയും തേടി പുറപ്പെട്ട ു.അപ്പുവിന്റ വീടിന്റെ അടുത്തെത്തിയപ്പോൾ ഒരു കരച്ചിൽ കേട്ടു.അവൻ അത് ശ്രദ്ധിച്ചു.കിച്ചുവിന് മനസിലായി ഇത് പാച്ചുവിന്റെ ശബ്ദമാണെന്ന്. കിച്ചു തുറന്നിട്ട ജനലിലൂടെ അകത്ത് കയറി തട്ടിൻപുറത്തെല്ലാം ഒന്ന് പരിശോധിച്ചു.ഒരു മൂലയിൽ കെണിയിൽ അകപ്പെട്ട് പാച്ചു ഇരുന്നു കരയുന്നതുകണ്ട് കിച്ചുവിന് സങ്കടമായി.കിച്ചു പാച്ചുവിനെ കെണിയിൽനിന്ന് രക്ഷപ്പെടുത്തുവാൻ കുറേ ശ്രമിച്ചു.പക്ഷെ ഫലിച്ചില്ല.കിച്ചു പാച്ചുവിനോടു ചോദിച്ചു.എന്താ സംഭവിച്ചത് എന്ന്. പാച്ചു കിച്ചുവിനോട് എല്ലാം പറഞ്ഞു.കിച്ചു നിരാശയോടെ ഒരു മൂലയിൽ ചെന്നിരുന്നു.കുറച്ചു കഴിഞ്ഞപ്പോൾ അവർ രണ്ടുപേരും ഉറങ്ങി.പിന്നെ കാലൊച്ച കേട്ടാണ് ഉണർന്നത്.അപ്പു കെണിയുടെ അടുത്തേക്ക് നടന്നു വരികയായിരുന്നു.പാച്ചുവിന് ഉള്ളിൽ നല്ല പേടിയുണ്ടായിരുന്നു.എന്നാലും അൺവൻ അത് പുറത്ത് കാണിച്ചില്ല.അപ്പു കെണിയെടുത്ത് മുറ്റത്തേക്ക് നടന്നു.പിന്നാലെ കിച്ചുവും പോന്ന ു.കെണി മുറ്റത്തുവച്ച് തുറന്ന് പാച്ചുവിനെ എടുത്ത് സ്നേഹത്തോടെ തലോടിക്കൊണ്ട് പറഞ്ഞു.എലികളുടെ ശല്യം തീർത്തുതന്നു എന്ന് പറഞ്ഞ് കിച്ചുവിനെയും പാച്ചുവിനെയും എടുത്ത് അടുക്കളയിൽ കൊണ്ടുപോയി വയറുനിറയെ ഭക്ഷണം കൊടുത്ത് വിട്ടു.അവൻ ചെയ്ത തെറ്റിന് പിന്നീട് ഖേദിച്ചു.അവർ സ്വന്തം

വാസസ്ഥലത്തേക്ക് പോന്നു.പിന്നീട് കിച്ചു പറയുന്നതിന് എതിരായി പാച്ചു ഒന്നും ചെയ്തിട്ടില്ല.

സഹ്‌വ **IX A**

# അമ്മ

അമ്മയെന്നുള്ള രണ്ടക്ഷരമല്ലമ്മ
അമ്മയാണെന്റെ പൊന്നമ്മ.
വീട്ടിലെ കാര്യങ്ങൾ നോക്കിനടത്താനും
അമ്മയല്ലാതെ മറ്റാരുമില്ല
നന്മകൾ ചെയ്തിടാൻ മുമ്പിലാണമ്മ
നേർവഴിക്കാട്ടിത്തരുമെന്റെയമ്മ
എൻ പ്രിയമാണെന്റെയമ്മ
എൻ ഉൾസ്നേഹമാണെന്റെ അമ്മ
എന്റെ ഗൃഹമാണെന്റമ്മ
എൻ പുസ്തകമാണമ്മ
എല്ലാമെല്ലാമമ്മയാണ്
എന്റെ വിദ്യാലയമമ്മയാണ്
മാർക്കു കുറഞ്ഞാൽ ദേവിയാണമ്മ
കുസൃതി കാണിച്ചാൽ ചിരിക്കുമെന്നമ്മ
എന്റെ സൗന്ദര്യ ദേവതയമ്മ
എന്റെ മാനത്തെ മാലാഖയമ്മ
രാത്രി കാലങ്ങളിൽ പട്ടിണിയാകുന്ന
തേജസ്വിനിയാണെന്നമമ
ബാല്യകാലത്തെ കുസൃതികളോർത്ത്
ചിരിക്കുന്നരോമനയമ്മ
മഴവില്ലിലെ ഏഴു നിറമാണെന്നമ്മ
പൂന്തോട്ട പനിനീരെന്നമ്മ.
എന്റെ വാത്സല്യനിധിയാണെന്നമ്മ.
എന്റെ ആകാശ നക്ഷത്രമമ്മ


-നന്ദന.പി 9.F

# കള്ളം

എൻ മിഴികൾ
എന്നോടു മൊഴിഞ്ഞു
രാവിനെന്തു ഭംഗി
അറിയാതെയെൻ
മനം ചലിച്ചൂ
ആ ,
കരിവാനിലേക്ക്
ഇല്ല! ശൂന്യമാണിവിടം
ചന്ദ്രികയോ മറഞ്ഞു...
താരകമോ മാഞ്ഞു...
അപ്പോൾ എൻ
മിഴികൾ എന്നോടു
മൊഴിഞ്ഞതോ?
ഹാ!
തികച്ചും കള്ളം

**ഹിബാ ഷെറിൻ സി IX F**

# പറവകൾ



വിടർന്ന പുഷ്പം
പോൽ
ആകാശാനന്തതയിൽ
വിനയപൂരിതമാം
ശിഖരങ്ങൾ
വിടർത്തി
കാഹളഗീതത്താൽ
വരവേൽപ്പോടെ
ഇടറാതെ,
പതറാതെ
മാനത്തിൻ മടിയിലായ്
ആ,
പറവക്കൂട്ടം
കതിരോന്റെ
പതനവും
കാത്ത്!

**ഹിബ ഷെറിൻ സി IX A**

## ***എന്റെ മഴയോർമ്മകൾ***

രാവിലെ നല്ല മഴയായിരുന്നു.കിടക്കയിൽ നിന്ന് എഴുന്നേൽക്കാൻ അൽപ്പം മടിച്ചെങ്കിലും ഉറക്കം തീർന്നതുകൊണ്ട് ഞാനെഴുന്നേറ്റു.നീണ്ടനേരത്തെ മഴക്കുശേഷം പിന്നെയൊരൽപ്പം മഴക്ക് ശമനമുണ്ടായിരുന്നു. പറയേണ്ട താമസം കാറ്റുകൾ വീശി തുടങ്ങി.ഇരുട്ടുകുത്തി കാർമേഘം മഴയുമായി വന്നെത്തി.നിമിഷങ്ങൾ ബാക്കിവക്കവെ മഴ ഇടിഞ്ഞുപൊളിഞ്ഞു വീണു.മഴയുടെ വരവ് സന്തോഷം കൊണ്ട് മരങ്ങളെല്ലാം ആടിയുലയാൻ തുടങ്ങി.പക്ഷികളെല്ലാം തന്റെ കുഞ്ഞുങ്ങളുടെ അടുത്തേക്ക് പറന്നെത്തി. ഞാൻ ഉമ്മറത്തിരുന്നു മഴയെ വരവേറ്റു.നല്ല മഴ.മഴ ശക്തിയാർജ്ജിച്ചു.മഴത്തുള്ളികൾ പതിയെ എന്നെയും സ്പർശിച്ചു.മനസ്സിന് എന്തെന്നറിയാത്ത സന്തോഷം. ഞാനും മഴയും മുഖാമുഖം നോക്കിയിരുന്നു. അൽപ്പനേരത്തെ മഴക്ക് ശേഷം ആരുടേയോ അടുത്തേക്ക് മഴ തിടുക്കത്തിൽ പോവാൻ ഒരുങ്ങി.അപ്പോഴും ഇടിമുഴക്കത്തിന് ശമനമൊന്നും ഉണ്ടായിരുന്നില്ല.ഇടക്കൊക്കെ എന്നെയൊന്ന് പേടിപ്പിക്കാൻ വേണ്ടി ഇടിമുഴക്കം കാതിൽപതിഞ്ഞു.'ഞാൻ വിട്ടു കൊടുക്കോ'?,ധൈര്യം സംഭരിച്ച് ഉമ്മറത്തുതന്നെ ഇരുന്നു.കുറച്ചുസമയത്തിനകം ഞാൻ ഇടിയുമായി സൗഹൃദം സ്ഥാപിച്ചു.ഇടിയുടെ ഉറ്റസുഹൃത്ത് മിന്നൽ വരാത്തതിന്റെ വിഷമം അവൻ എന്നോട് പങ്കുവച്ചു.കാറ്റും ഇടിയും മഴയും മിന്നലും നല്ല സുഹൃത്തുക്കളാണ്.ഒരാളില്ലെങ്കിൽ ഒരാളില്ല.ഇവർ നാലുപേരും ശക്തിയായി ഒന്നിച്ചെത്തിയാൽ ആ ദിവസം ഞങ്ങൾക്ക് അവധി കിട്ടും.ഇടിയോട് അടുത്ത വരവിന് അവരെയെല്ലാം ഒപ്പംകൂട്ടാൻ ഞാൻ പറഞ്ഞിട്ടുണ്ട്.നിമിഷങ്ങൾ കഴിഞ്ഞപ്പോൾ ഇപ്പൊ വരാമെന്നാ പറഞ്ഞ് ഇടിയും അങ്ങ് പോയി.അവരുമായുള്ള എന്റെ സൗഹൃദത്തിന്റെ ഒരു വെളിച്ചമായിരുന്നു അത്.അവരുടെ അടുത്ത വരവിനായി ഞാൻ കാത്തിരുന്നു.തണുപ്പ് അപ്പോഴും വിട്ടുമാറിയിരുന്നില്ല.മരച്ചില്ലകൾക്കിടയിലൂടെ പാഞ്ഞുവന്ന മന്ദമാരുതൻ എന്നെ തഴുകി കടന്നുപോയി.

**കാർത്തിക എ**

**IX F**

# വെള്ളം... വെള്ളം... സർവത്ര...



നാമൊരു ജലഗ്രഹത്തിലാണ് ജീവിക്കുന്നത്.ഭൂമിയുടെ 70% വും സമുദ്രങ്ങളാണ്.ഭൂമിയിൽ ആകെയുള്ള ജലത്തിന്റെ 97% വും സമുദ്രജലമാണ്.3% മേ ശുദ്ധജലമായുള്ളൂഇതിൽ തന്നെയും 77.5% ഖരരൂപത്തിലുള്ള കടിടമഞ്ഞാണ്.ബാക്കിയ ുള്ള ശുദ്ധജലത്തിന്റ ബഹുഭൂരിപക്ഷവും ആഴത്തിലുള്ള ശുദ്ധജലമാണ്.ഭൂമിയിൽ ആകെയുള്ള ജലത്തിന്റെ ഒരു ശതമാനത്തിന്റെ ആറിലൊരു ആംശം മാത്രമേ മനുഷ്യന് ഉപയോഗിക്കാവുന്ന തരത്തിൽ ഉള്ളൂ.മനുഷ്യന്റെയും ശുദ്ധജലം വേണ്ടുന്ന ജീവികളുടെയും എക്കാലത്തെയും നിലനിൽപ്പിന് ഈ ജലം മതിയാവും.ജലം ഒരു നിശ്ചല വിഭവമല്ല.നിതാന്തമായി പ്രവഹിച്ചുകൊണ്ടേയിരിക്കുന്ന ഒരു വസ്തുവാണത്.മണ്ണിലൂടെയും പ്രാചീനഭൂഗർഭപാളികളിലൂടെയും നദികളിലൂടെയും അഗാധസമുദ്രങ്ങളിലൂടെയും ജലമൊഴുകുന്നു.മഞ്ഞായി ഉറയുകയും ഉരുകി ജലമായി ഒഴുകുകയും വായുവിലേക്ക് നീരാവിയായി ഉയരുകയും മേഘങ്ങളായി പറക്കുകയും മഴയായി ഒൂമിയിലേക്ക് പതിക്കുകയും ചെയ്യുന്ന വിസ്മയപ്രതിഭാസമാണ് ജലം.ജീവജാലങ്ങളിലൂടെ ജീവരസമായും രക്തമായും കണ്ണീരായും മുലപ്പാലായും ജലമൊഴുകുന്നു.ജീവന്റെ നിലനിൽപ്പിന് ഈ ജലചംക്രമണം എന്നു നാം വിളിക്കുന്ന ജലത്തിന്റെ നിതാന്തമായ പ്രവാഹം അത്യന്താപേക്ഷികമാണ്.ജലമൊഴുകിയില്ലെങ്കിൽ ,ഭൂമിയുടെ ധമനികളായ നദികളും നീരുറവകളും നാം തടസപ്പെടുത്തിയാൽ,ജീവന്റെ നിലനിൽപ് അപകടത്തിലാവും.നിർഭാഗ്യവശാൽ മനുഷ്യൻ ഈ ഭൂമുഖത്ത് എല്ലായിടത്തും ചെയ്യുന്നത്.ജലപ്രവാഹങ്ങളെ തചസ്സപ്പെടുത്തുകയും മാരകമായി മലിനീകരിക്കുകയുമാണ്.മനുഷ്യന്റെ നിലനിൽപ്പ് അപകടത്തിലാകുന്ന ജലക്ഷാമവും വരൾച്ചയും വിനാശകരമായ പ്രളയങ്ങളുമാണ് നാം അനുഭവിക്കാനിരിക്കുന്നത്.

-ജൂബ്ന.പി

**9E**

# ആഗോള താപനത്തെ തടഞ്ഞുനിർത്താം



ഹരിത ഗൃഹ വാതകങ്ങളുടെ ആധിക്യം മൂലം ഭൗമോപരിതലത്തിന്റേയും അന്തരീക്ഷത്തിന്റേയും താപനില വർദ്ധിക്കുന്ന പ്രതിഭാസമാണ് ആഗോളതാപനം. മാനുഷികപ്രവർത്തനങ്ങൾ കൊണ്ടും മറ്റ് പ്രകൃത്യാലുള്ള കാരണങ്ങൾ കൊണ്ടും ഹരിതഗൃഹ വാതകങ്ങളായ കാർബൺ ഡൈ ഓക്സൈഡ്,മീഥൈൻ,ഓസോൺ തുടങ്ങിയവയുടെ അന്തരീക്ഷത്തിലുള്ള അളവ് വർദ്ധിക്കുന്ന ു.ആഗോളതാപ വർദ്ധനയുടെ പ്രധാന കാരണം മിക്കവാറും മനുഷ്യനിർമ്മിതമായ ഹരിതഗൃഹ വാതകങ്ങളുടെ അളവിൽ ഉണ്ടായ വർദ്ധനയാണ്.ഇത് ഹരിതഗൃഹ പ്രഭാവം



ചെലുത്തി അന്തരീക്ഷത്തിന്റെ പ്രതലപാളിയിലു താഴ്ന്ന പാളികളിലു മുള്ള താപ നില ഉയർത്തുന്നു.

മരങ്ങൾ അന്തരീക്ഷത്തിലുള്ള $CO_2$-നെ സ്വീകരിച്ച് പ്രകാശസംശ്ലേഷണത്തിലൂടെആഹാരം നിർമ്മിക്കുന്നു.മരങ്ങൾ വെട്ടുന്നതു വഴി അന്തരീക്ഷത്തിലെ $CO_2$ ന്റെ അളവ് ക്രമാതീതമായി വർദ്ധിക്കുന്നു.ഇത് ആഗോളതാപനത്തിന് കാരണമാകുന്നു.ഓസോൺ പാളിയുടെ വിള്ളലും ആഗോളതാപനത്തിന് കാരണമാകുന്നുണ്ട്.ഓസോൺപാളിയാണ് സൂര്യനിൽ നിന്നുള്ള അൾട്രാവയലറ്റ് രശ്മികളെ തടയുന്നത്.ഊ അൾട്രാവയലറ്റ് രശ്മികളാണ് അന്തരീക്ഷത്തിലെ ദ്വയാറ്റോമിക തന്മാത്രകളെ വിഘടിപ്പിച്ച് മൂന്ന് ഓക്സിജൻ ആറ്റങ്ങളുള്ള ഓസോൺ തന്മാത്രകളെ രൂപപ്പെടുത്തുന്നത്.ക്ലോറോ ഫ്ലൂറോ കാർബൺ നമ്മുടെ ഓസോൺ പാളിക്ക് വിള്ളൽ ഏൽപ്പിക്കുന്നു.ഇത് കാറിൽനിന്നും മറ്റ് വാഹനങ്ങളിൽ നിന്നുമുള്ളപുകയിലൂടെ ഉണ്ടാവുന്നു.അതുപോലെ ഫ്രിഡ്ജ്,പ്ലാസ്റ്റിക് കത്തിക്കൽ എന്നിവ പ്രധാനമായും $CO_2$ തുടങ്ങിയ ഹരിതഗ്രഹ വാതകങ്ങളിൽ വർദ്ധനവുണ്ടാക്കുന്നു.

മരങ്ങൾ സംരക്ഷിക്കേണ്ടത് നമ്മുടെ ആവശ്യമായി തീരുന്നു.അതു കൊണ്ടു തന്നെ മരങ്ങൾ വെട്ടുന്നതും അവയെ നശിപ്പിക്കുന്നതും ഒഴിവാക്കാം.അതുമൂലം നമുക്ക് നമ്മുടെ ഹരിതഭൂമിയെ തിരിച്ചെടുക്കാം.

**ആദിത്യ ജയദേവ്.കെ**

**IX.F**

# തീയുടെ വേദന

കത്തി ജ്വലിക്കുന്ന തീയുടെ മാറിലായ്
എൻ അച്ഛൻ വന്നിരുന്നേരമീ
അച്ഛന്റെ കണ്ണിലായ് തിയുടെ സ്പർശ-
ത്തിൻ,ഉജ്ജ്വലിപ്പിക്കുന്ന വേദനയാകുമീ

കൺചിമ്മാതെയെൻ മുന്നിലായ് ചാരത്തു
വന്നിരുന്നേരം
എൻ കണ്ണിലായ് കണ്ണുനീർ

ദേവിക എൻ.കെ
**9H**

# *FRIENDSHIP*

*Friendship rises in heart*
*And sets only in deat*
*Friendship is a truth that*
*Cannot be destroyed*
*By anyone*
*Friendship is and everlasting*
*truth*
*Just like heaven*
*And spread fragrance every time*
*Friend is a gift of time*
*And it is much valuable to life*
*For it can lead you to success*
*And always remains memories*
*Until your last breathe*
*So keep the lamp of Friendship.*



*NISHMA*
9E

# *OUR ACHIEVEMENTS*

## *മികവിന്റെ കേന്ദ്രമായ്....*

### <u>ഭൗതിക സാഹചര്യങ്ങൾ</u>

**വിദ്യാലയത്തിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ സംസ്ഥാന ഗവൺമെന്റ്, എം.എൽ.എ,ജില്ലാ പഞ്ചായത്ത്,ഗ്രാമ പഞ്ചായത്ത് എന്നിവയെല്ലാം ധനസഹായങ്ങൾ നൽകിയിട്ടുണ്ട്.സംസ്ഥാനസർക്കാരിന്റെ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി 3 കോടിരൂപ ചെലവഴിച്ച് നിർമ്മിച്ച അംബരചുംബിയായ ഹൈടെക് കെട്ടിടം ഒക്ടോബർ 24-ന് ബഹു.കേരള നിയമസഭാ സ്പീക്കർ ശ്രീ.ശ്രീരാമകൃഷ്ണൻ ഉദ്ഘാടനം ചെയതു.ചടങ്ങിൽ ബഹു എം.എൽ.എ.ശ്രീ.എപി.അനിൽകുമാർ അദ്ധ്യക്ഷനായിരുന്നു.മുഖ്യ അതിഥികളായി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ.എ.പി.ഉണ്ണികൃഷ്ണൻ തുടങ്ങിയ ത്രിതല പഞ്ചായത്തുകളുടെ ഭരണകർത്താക്കളും പങ്കെടുത്തു.മൂന്നു നിലകളിലായി 21 ക്ലാസ് മുറികളും സ്ഥാപനമേധാവികൾക്കും ഓഫീസിനും ഓരോ മുറികൾ വീതവും ഐ.ഇ.ഡി മുറി,എസ്.പി.സി.മുറി,കാത്തിരിപ്പ് മുറി,ടോയ്‌ലറ്റ് ബ്ലോക്ക് തുടങ്ങിയ സൗകര്യങ്ങളോടെ മികച്ച രീതിയിൽ പണികഴിപ്പിച്ചത് U. L .C .C .S എന്ന സൊസൈറ്റി ആയിരുന്നു.അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ഈവിദ്യാലയം ഇന്നും കുതിപ്പിന്റെ പാതയിൽ.....**



# അക്കാദമിക നേട്ടങ്ങൾ

2019 മാർച്ചിൽ നടന്ന എസ് എസ് എൽ സി പരീക്ഷയിൽ **100% വിജയവും 53 പേർക്ക് ഫുൾ എ പ്ലസുകളും**,35 പേർക്ക് 9 എ പ്ലസുകളും,39 പേർക്ക് 8 എപ്ലസുകളും നേടി വണ്ടൂർ വിദ്യാഭ്യാസ ജില്ലയിൽ മികച്ച നിലവാരമുള്ള വിദ്യാലയമായി മാറാൻ സാധിച്ചിട്ടുണ്ട്.ദേശീയ സ്കോളർഷിപ്പായ N M M S പരീക്ഷയിൽ 19 പേർക്ക് സ്കോളർഷിപ്പിന് അർഹത നേടി വണ്ടൂർ വിദ്യാഭ്യാസ ജില്ലയിൽ ഒന്നാം സ്ഥാനത്തെത്താൻ സാധിച്ചിട്ടുണ്ട്.**5 പേർക്ക് യു.എസ്.എസും 2 പേർക്ക് എൽ എസ് എസും** ലഭിച്ചു. പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി 10-ൽ വിജയഭേരി പദ്ധതിയും 9-ൽ നവപ്രഭ പദ്ധതിയും 8 ൽ ശ്രദ്ധ പദ്ധതിയും നടപ്പാക്കി.ഈ വർഷവും അധ്യാപകരുടെയും രക്ഷിതാക്കളുടെയും മികച്ച പിന്തുണയും വിദ്യാർത്ഥികളുടെ സഹകരണവും കൊണ്ട് മികച്ച വിജയമാണ് ഞങ്ങൾ മുന്നിൽ കാണുന്നത്.

*** കലോത്സവം,കായികമേള,ശാസ്ത്രമേള തുടങ്ങിയ നിരവധി പരിപാടികളിൽ ഞങ്ങളുടെ സ്കൂളിലെ വിദ്യാർഥികൾ പങ്കെടുക്കുകയും മികച്ച വിജയം കരസ്ഥമാക്കുകയും ചെയ്തു.കലോത്സവത്തിൽ പെൺകരുത്തുകൊണ്ടു മാത്രം തന്നെ വണ്ടൂർ ഉപജില്ലയിൽ രണ്ടാം സ്ഥാനം നേടുകയും,ശാസ്ത്രമേളയിൽ ഉപജില്ലയിൽ ഓവറോൾ കിരീടം കരസ്ഥമാക്കുകയും ചെയ്തു എന്ന് വളരെ അഭിമാനത്തോടുകൂടി അറിയിക്കുന്നു....**

**അവയിൽ ചില നേട്ടങ്ങളിതാ....**

**☆ വിദ്യാലയത്തിലെ പത്താംക്ലാസ് വിദ്യാർഥിയായ ശ്രീലക്ഷ്മി ഹിന്ദികഥാരചനയിൽ സംസ്ഥാനതലത്തിൽ എ ഗ്രേഡ് നേടി സ്കൂളിന്റെ ഖ്യാതി വാനോളമുയർത്തി.കൂടാതെ ഹിന്ദികവിതാരചനയിൽ ജില്ലയിൽ രണ്ടാം സ്ഥാനവും നേടി.**

**പത്താംക്ലാസ് വിദ്യാർഥിയായ അശ്വതി വാര്യർ വയലിനിൽ സംസ്ഥാനതലത്തിൽ എ ഗ്രേഡ് നേടി സ്കൂളിന്റെ അഭിമാന താരമായി.**

**വിദ്യാരംഗം സംഘടിപ്പിച്ച സെമിനാർമത്സരത്തിൽ വിദ്യാലയത്തിലെ റിൻഷിബ സംസ്ഥാനതലത്തിൽ പങ്കെടുക്കുകയും മികച്ചവിജയം കൈവരിക്കുകയും ചെയ്തു.**



**കേരള തിരഞ്ഞെടുപ്പുകമ്മീഷൻ സംഘടിപ്പിച്ച കത്തെഴുത്തു മത്സരത്തിൽ ദേവിക ജില്ലാതലത്തിൽ രണ്ടാംസ്ഥാനംനേടുകയും സംസ്ഥാനതലത്തിൽ പങ്കെടുക്കുകയും ചെയ്തു.**

**സബ്ജില്ലാകലോത്സവത്തിൽ മാർഗംകളി,തിരുവാതിര,മലയാളം സ്കിറ്റ്,ഇംഗ്ലീഷ് സ്കിറ്റ് എന്നിവയിലും ചമ്പൂപ്രഭാഷണത്തിൽ നിവേദിതക്കും സംസ്കൃത പാഠകം,ക്വിസ് എന്നിവയിൽ ലയ.ടി.എസിനും ഗസലിൽ നിഷ്മക്കും സംസ്കൃതം കഥാരചനയിൽ നീലാഞ്ജനക്കും അഷ്ടപദിയിൽ ഹർഷക്കും എ ഗ്രേഡോടുകൂടി ഒന്നാം സ്ഥാനം നേടുകയും എട്ടാം ക്ലാസിലെ ആർദ്രയെ മികച്ച നടിയായി തിരഞ്ഞെടുക്കുകയും ചെയ്തു.**

**ശാസ്ത്ര മേളയിൽ വളരെ മികച്ച നേട്ടമാണ് വിദ്യാർത്ഥിനികൾ കൈവരിച്ചത്.സാമൂഹ്യശാസ്ത്രമേളയിൽ ഉപജില്ല ഓവറോൾ കിരീടം കരസ്ഥമാക്കി.ഫാത്തിമാസന സയൻസ് ടാലന്റ് സേർച്ച് എക്സാമിലും,ദേവിക സോഷ്യൽ സയൻസ് ടാലന്റ് സേർച്ച് എക്സാമിലും ഉപജില്ലാതലത്തിൽ ഒന്നാം സ്ഥാനം നേടി.**

**സബ്ജില്ലാ കായികമാളയിൽ ഖോ ഖോ യിൽ ഒന്നാം സ്ഥാനവും കബഡി സീനീയർ ഗേൾ വിഭാഗത്തിൽ റവന്യൂജില്ലാതലത്തിൽ രണ്ടാം സ്ഥാനവും ലഭിച്ചു. ശ്രദ്ധാപ്രകാശ് ഷട്ടിലിൽ ജില്ലാ തലത്തിൽ ഒന്നാം സ്ഥാനം നേടി സംസ്ഥാന തലത്തിൽ പങ്കെടുത്തു.മിന്ന.ഇ സപെക് ത്രോയിൽ സംസ്ഥാന തലത്തിൽ മൂന്നാം സ്ഥാനം നേടി.**

## ***പെൺ കരുത്ത്***

ഈ വർഷം ജൂലായ് 24-ന് എസ് പി സി ആരംഭിച്ചു.ചൊവ്വ,ശനി ദിവസങ്ങളിൽ പരേഡ്,ഇൻഡോർ ക്ലാസുകൾ എന്നിവ സംഘടിപ്പിച്ചു.വെള്ളപ്പൊക്ക ദുരിതാശ്വാസം,ലഹരി വിരുദ്ധ പ്രവർത്തനം,അച്ചടക്കം,ശുചിത്വം എന്നീ കാര്യങ്ങളിൽ ശ്രദ്ധചെലുത്തുന്നു.

ജെ ആർ സിയുടെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടക്കുന്നു.വിവിധ തരത്തിലുള്ള ക്ലാസുകൾ സംഘടിപ്പിച്ചു.അച്ചടക്കം,പരിസരശുചീകരണം,കാരുണ്യ പ്രവർത്തനങ്ങൾ എന്നിവയിൽ പങ്കാളികളായിട്ടുണ്ട്.






പൊതുപരീക്ഷയിലും കലാകായിക ശാസ്ത്ര മേഖലകളിലും മറ്റ് പാഠ്യേതര വിഷയങ്ങളിലും ഉന്നത വിജയം കരസ്ഥമാക്കിക്കൊണ്ട് മലപ്പുറം ജില്ലയിൽ തന്നെ മറ്റ് വിദ്യാലയങ്ങൾക്ക് മാതൃകയായി മികവിന്റെ കേന്ദ്രമാവാൻ ഈ വിദ്യാലയത്തിന് സാധിച്ചിട്ടുണ്ട്. മികച്ച വിദ്യാർത്ഥികൾ,പ്രഗത്ഭരായ അധ്യാപകർ,രക്ഷിതാക്കൾ,സ്നേഹം നിറഞ്ഞ നാട്ടുകാർ എന്നിവരുടെ പിന്തുണയോടുകൂടി ഈ വിദ്യാലയം ഇന്നും വളർന്നുകൊണ്ടിരിക്കുന്നു,,

ആകാശത്തോളം ഉയരങ്ങളിലേക്ക്....